## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1706 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ നിർമ്മാർജ്ജനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മാലിന്യനിർമ്മാർജനത്തിനായി സർക്കാർ രാജ്യാന്തരമികവ് തെളിയിച്ച സ്ഥാപനങ്ങളുടെ പങ്കാളിത്തം തേടുന്നുവെന്നത് ശരിയാണോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | മാലിന്യ നിർമ്മാർജ്ജനത്തിനായി രാജ്യാന്തര മികവ് തെളിയിച്ച സ്ഥാപനങ്ങളുടേതുൾപ്പടെയുള്ള പങ്കാളിത്തം തേടുന്നുണ്ട്. കേരളത്തിലെ പ്രത്യകിച്ചും നഗരപ്രദേശങ്ങളിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പരിമിതമായ സ്ഥല സൗകര്യങ്ങൾ ഉപയോഗിച്ച് മാലിന്യ സംസ്കരണ മേഖലയിൽ നിക്ഷേപ പദ്ധതികൾ എന്ന നിലയിൽ നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി എങ്ങനെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും ഏതെല്ലാം കോർപ്പറേഷനുകളും നഗരസഭകളുമാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | മാലിന്യ സംസ്കരണ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അർബൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഇനിഷ്യേറ്റിവിന് രൂപം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ സംബന്ധിച്ച് തീരുമാനിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ചീഫ് സെക്രട്ടറി അധ്യക്ഷനായി ഒരു സംസ്ഥാന തല ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ആധുനിക മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ ഏജൻസികളെ കണ്ടെത്തുന്നതിനായി താല്പര്യ പത്രം പുറപ്പെടുവിക്കുന്നതായിരിക്കും. താല്പര്യ പത്രം തയ്യാറാക്കുന്നതിനായി കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് കീഴിലുള്ളതും സ്മാർട്ട് സിറ്റി പദ്ധതിക്ക് കീഴിൽ എംപാനൽ ചെയ്തിട്ടുള്ളതുമായ |

| | | | |
|---|---|---|---|
| | | | ഏജൻസികളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും അങ്ങനെ ലഭിച്ച പ്രൊപ്പോസലുകളിൽ നിന്നും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഐ ആർ ജി സിസ്റ്റംസ് സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൺസൽട്ടന്റായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടിയും ഇതോടൊപ്പം പുരോഗമിക്കുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട കൺസൽട്ടൻറ് ഈ സ്ഥലങ്ങൾ സന്ദർശിച്ച് ഓരോ സ്ഥലത്തിനും അനുയോജ്യമായ സാങ്കേതിക വിദ്യകൾ നിർദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രം തയ്യാറാക്കി അനുയോജ്യമായ ഏജൻസികളെ കണ്ടെത്തുന്നതുമായിരിക്കും. പ്രസ്തുത നടപടികൾ പൂർത്തിയാക്കിയ ശേഷമേ ഏതെല്ലാം കോർപ്പറേഷനുകളും നഗരസഭകളുമാണ് പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കുന്നത് എന്ന് വ്യക്തമാക്കാനാവൂ. |

സെക്ഷൻ ഓഫീസർ